കേരളസർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.റ്റി.രമേശനെതിരെയുള്ള അച്ചടക്ക നടപടി - 'സെൻഷ്വർ'നൽകി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2835/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 20.11.2013**

---

പരാമർശം:- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 17.03.2011-ലെ E1(SC. 11/2010/SRT) 11417/2010 നമ്പർ കത്ത്.
2. ശ്രീ.റ്റി.രമേശൻ, വില്ലേജ് എക്സറ്റൻഷൻ ഓഫീസർക്കെതിരെയുള്ള 14.07.2011 തീയതിയിലെ 26681/ഇആർബി3/2011/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും.
3. ശ്രീറ്റി.രമേശൻ 07.09.2011-ൽ സമർപ്പിച്ച പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 14.06.2013 തീയതിയിലെ 18103/എസ്റ്റാ.എ2/2011/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സതേൺ റെയിഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും തിരുവനന്തപുരം പോവർട്ടി അലിവിയേഷൻ യൂണിറ്റിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ശ്രീ.ഷാജികുമാറും ചേർന്ന് സംയുക്തമായി വാമനപുരം ബ്ലോക്കിൽ നടത്തിയ അന്വേഷണത്തിൽ, ഐ.എ.വൈ./ഇ.എം.എസ് ഭവന പദ്ധതി നടത്തിപ്പിൽ ചില ക്രമക്കേടുകൾ ഉള്ളതായും വി.ഇ.ഒ. ശ്രീ.രമേശൻ അന്യായമായി കൈക്കൂലി കൈപ്പറ്റുന്നതായി ഇൻഫോർമൽ ആയി പരാതി ലഭിച്ചതായും, ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകുന്നതിനും പണം കൈപ്പറ്റുന്നതായും കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരാമർശം (1)ലെ ശുപാർശ പ്രകാരം ടിയാനെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുണ്ടായി.

പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദപത്രിക സർക്കാരിൽ സമർപ്പിച്ചു. വാമനപുരം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു നൽകിയ ഐ.എ.വൈ/ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണ ഭോക്താക്കളുടെ പട്ടികയിൽ അനർഹരെ ഉൾപ്പെടുത്താൻ രാഷ്ട്രീയ പ്രേരണ ഉണ്ടായെന്നും, ഇക്കര്യങ്ങൾ കാണിച്ച് മേലധികാരികൾക്ക് പരാതി നൽകിയിട്ടുണ്ടെന്നും കൈക്കൂലി ആവശ്യപ്പെടുന്നതായി വാക്കാൽ മാത്രമാണ് പരാതി

ഉന്നയിച്ചതെന്നും ആരും തന്നെ രേഖാമൂലം പരാതി നൽകിയിട്ടില്ലെന്നും ഐ.എ.വൈ ഗുണഭോക്താക്കൾക്കുള്ള തുക വിതരണം ചെയ്യുന്നതിനായി വിവിധ ഘട്ടങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ഹൗസിംഗ് ഓഫീസർ മേൽ പരിശോധന നടത്തിയതിനു ശേഷമാണ് തുക വിതരണം ചെയ്യുന്നതെന്നും ഇ.എം.എസ്.ഭവന പദ്ധതിയിലും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിച്ച ശേഷമേ ഓരോ ഗഡു തുകയും വിതരണം ചെയ്തിട്ടുള്ളൂവെന്നും ആയതിനാൽ കുറ്റാരോപണപത്രികയിലെ ആരോപണങ്ങൾ ടിയാൻ നിരസിക്കുന്നുവെന്നും പ്രതിവാദപത്രികയിൽ പറയുന്നു.

ഐ.എ.വൈ/ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.റ്റി.രമേശൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വാമനപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു നൽകിയ ഗുണഭോക്താക്കളുടെ അർഹത കണ്ടെത്തുന്നതിനായി അന്വേഷണം നടത്തുകയും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 467 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും 124 പേരെ അനർഹരാണെന്ന് കണ്ട് ഒഴിവാക്കുന്നതിന് മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു എന്നും ജനറൽ വിഭാഗത്തിൽ 117-ഉം എസ്.സി.വിഭാഗത്തിൽ 7-ഉം ഗുണഭോക്താക്കളെ അനർഹരാണെന്ന് കണ്ട് ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ സഹിതം മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഐ.എ.വൈ.പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ വീട് ലഭിച്ച ഗുണഭോക്താക്കളെയും ഇപ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നും ഇതിനെതിരെ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ വാമനപുരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ അതിക്രമിച്ച് കയറിയതായും, ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിനുള്ള കരാർ ഒപ്പിട്ട് ആനുകൂല്യങ്ങൾ നൽകുന്നതിന് ഭീഷണിപ്പെടുത്തിയിരുന്നതായും മേലധികാരിക്ക് ശ്രീ.റ്റി.രമേശൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പരാതി നൽകിയിട്ടുള്ളതായും മനസ്സിലാക്കുന്നു. കൈക്കൂലി ആവശ്യപ്പെടുന്നതായി ചില ഗുണഭോക്താക്കൾ വാക്കാൽ ബോധിപ്പിച്ചിരുന്നുവെങ്കിലും ടിയാനെതിരെ രേഖാമൂലം ആരും തന്നെ പരാതി നൽകിയിട്ടില്ലായെന്ന് തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്..

ഐ.എ.വൈ.ഗുണഭോക്താക്കൾക്കുള്ള തുക വിതരണം ചെയ്യുന്നതിനായി ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ

ഹൗസിംഗ് ഓഫീസർ മേൽ പരിശോധന നടത്തിയതിനുശേഷമാണ് ആനുകൂല്യങ്ങൾ നൽകുന്നതെന്നും ഇ.എം.എസ്. ഭവന പദ്ധതിയിലും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ കർശനമായി പരിശോധിച്ച ശേഷമേ ഓരോ ഗഡു തുകയും വിതരണം ചെയ്യുകയുള്ളൂവെന്നും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി വാമനപുരം ഗ്രാമപഞ്ചായത്തിലെ 337 ഗുണഭോക്താക്കൾ ഉൾപ്പെട്ട ലിസ്റ്റിനാണ് ഡി.പി.സി. അംഗീകാരം നൽകിയതെന്നും ഈ ലിസ്റ്റിൽ നിന്നും 117 ഗുണഭോക്താക്കളെ അനർഹരാണെന്ന് കണ്ടെത്തി ഒഴിവാക്കി, ബാക്കിയുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് എഗ്രിമെന്റ് വയ്ക്കുന്നതിന് ശ്രീ.രമേശൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപടികൾ കൈക്കൊണ്ടിട്ടുള്ളതെന്നും ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുവെന്നും, ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളോ മറ്റ് ഉദ്യോഗസ്ഥരോ പരാതികളൊന്നും നൽകിയിട്ടുള്ളതായി കാണുന്നില്ലായെന്ന് തിരുവനന്തപുരം എ.ഡി.സി(ജനറൽ) പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ, ശ്രീ.റ്റി.രമേശൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രതിവാദപത്രിക അനുഭാവ പൂർവം പരിഗണിച്ച് ടിയാന്റെ മേൽ സ്വീകരിച്ച അച്ചടക്ക നടപടിയിൽ തീർപ്പ് കല്പിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.റ്റി.രമേശന് എതിരെ സ്വീകരിച്ച അച്ചടക്ക നടപടി, 'സെൻഷർ' നൽകി തീർപ്പാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എൽ.സുരേഷ്കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.റ്റി.രമേശൻ, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വാമനപുരം
(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ